LIBRARY ARCHIVES Kerala Legislative Assembly

നിലവിൽ തിരൂർ ഫയർസ്റ്റേഷനിൽ പ്രവർത്തനക്ഷമമായ രണ്ട് വാട്ടർ ടെണ്ടറുകൾ ഉണ്ട്. അവ നിലയത്തിന്റെ പ്രവർത്തനത്തിന് പര്യാപ്തമാണ്. അതുകൂടാതെ മഞ്ചേരി നിലയത്തിൽനിന്നും പ്രവർത്തനക്ഷമമായ ഒരു വാഹനം കൂടി തിരൂർ നിലയത്തിലേയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) എഞ്ചിൻ കണ്ടീഷൻ മോശമായ 2009 മോഡൽ മൊബൈൽ ടാങ്കർ യൂണിറ്റ് വാഹനവും പ്രവർത്തനക്ഷമമല്ലാത്ത 2010 മോഡൽ വാഹനവുമാണ് സ്റ്റേഷനിൽ ഉള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ തിരൂർ ഫയർസ്റ്റേഷനിൽ പ്രവർത്തനക്ഷമമായ രണ്ട് വാട്ടർ ടെണ്ടറുകൾ ഉണ്ട്. അവ നിലയത്തിന്റെ പ്രവർത്തനത്തിന് പര്യാപ്തമാണ്. അതുകൂടാതെ മഞ്ചേരി നിലയത്തിൽനിന്നും പ്രവർത്തനക്ഷമമായ ഒരു വാഹനം കൂടി തിരൂർ നിലയത്തിലേയ്ക്ക് നൽകിയിട്ടുണ്ട്.

(സി) ഫയർ സ്റ്റേഷന്റെ സേവനം കാര്യക്ഷമമാക്കുന്നതിനായി പുതിയ വാഹനം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പുതിയ വാഹനങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തിരൂർ നിലയത്തിന് അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം

138 (1502) ശ്രീ. പി. പി. സുമോദ്: താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരിയിലുള്ള ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ജീർണ്ണാവസ്ഥയിലുള്ള വാടകക്കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നതെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വടക്കാഞ്ചേരി 2 വില്ലേജിൽ പി.ഡബ്ല്യു.ഡി. എൻ.എച്ച്. പുറമ്പോക്കിലെ 60 സെന്റ് സ്ഥലം കൈമാറ്റം ചെയ്യുകൊണ്ട് അവിടെ ഒരു പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

വടക്കഞ്ചേരി (പാലക്കാട്) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും സ്ഥലം കൈമാറി ലഭിച്ചിട്ടില്ല. അതിന് പകരമായി വടക്കഞ്ചേരി 2 വില്ലേജിലെ പൊതുമരാമത്ത് വകുപ്പ് എൻ.എച്ച്. പുറമ്പോക്കിലെ 60 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് കാണുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത, ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി ഫയർസ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.